"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ശുചിത്വ മിഷൻ - ജീവനക്കാര്യം - പെരുവള്ളൂർ ഗ്രാമപഞ്ചായത്തിൽ സെക്രട്ടറിയായ ശ്രീ. ദിലൻ ജോസ് ബി എന്നവരുടെ ശുചിത്വ മിഷനിൽ ഓഫീസ് കം ഫിനാൻസ് മാനേജർ തസ്തികയിലെ അന്യത്രസേവന കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്

സ.ഉ.(സാധാ) നം.911/2025/LSGD തീയതി,തിരുവനന്തപുരം, 04-04-2025

---

പരാമർശം:-
1. 10/05/2013 തീയതിയിലെ 42/2013/ധന നം. സർക്കുലർ
2. 28/11/2013-ലെ സ.ഉ.(പി)നം.580/2013/ധന നം. ഉത്തരവ്
3. 22/04/2022-ലെ സ.ഉ.(സാധാ)നം.1001/2022/തസ്വഭവ
4. 26/11/2022-ലെ സ.ഉ.(സാധാ)നം.2936/2022/തസ്വഭവ
5. 19/07/2023-ലെ സ.ഉ.(സാധാ)നം.1461/2023/തസ്വഭവ
6. 07/05/2024-ലെ സ.ഉ.(സാധാ)നം.803/2024/തസ്വഭവ
7. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 06/03/2025 തീയതിയിലെ SM/1856/2024 B നം. കത്ത്.

ഉത്തരവ്

കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് സെക്രട്ടറിയായിരുന്ന ശ്രീ. ദിലൻ ജോസ് ബി- യെ ശുചിത്വ മിഷനിൽ അസിസ്റ്റന്റ് കോഓർഡിനേറ്റർ ഐ.ഇ.സി. തസ്തികയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ 6 മാസത്തെ കാലയളവിൽ പരാമർശം (3) പ്രകാരം നിയമിച്ച് ഉത്തരവാകുകയും പരാമർശം (5) പ്രകാരം ടിയാന്റെ ശുചിത്വമിഷനിലെ അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ (ഐ.ഇ.സി) തസ്തികയിലെ അന്യത്രസേവനം ഓഫീസ് കം ഫിനാൻസ് മാനേജർ തസ്തികയിലേക്ക് മാറ്റി അന്യത്രസേവന കാലാവധി 01/05/2023 മുതൽ ഒരു വർഷത്തേക്കുടി ദീർഘിപ്പിച്ച് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

2. തദ്ദേശ സ്വയം ഭരണ സ്ഥാപന സെക്രട്ടറി തസ്തികയിൽ ഉദ്യോഗക്കയറ്റം നൽകി പെരുവള്ളൂർ ഗ്രാമപഞ്ചായത്തിൽ നിയമിക്കുകയും അന്യത്രസേവന വ്യവസ്ഥയിൽ തുടരുന്നതിന് അനുവദിക്കുകയും ചെയ്തിട്ടുള്ള ടിയാളുടെ പരാമർശം (6) പ്രകാരമുള്ള അന്യത്രസേവന കാലാവധി 30/04/2025-ൽ അവസാനിക്കുകയാണെന്നും 01.05.2025 മുതൽ ഒരു വർഷത്തേക്കുകൂടി അന്യത്രസേവന കാലം ദീർഘിപ്പിച്ച് നല്കണമെന്നും പരാമർശം (4) പ്രകാരം ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ശ്രീ. ദിലൻ ജോസ് ബി. സെക്രട്ടറി, പെരുവള്ളൂർ ഗ്രാമപഞ്ചായത്ത് എന്നവരുടെ ശുചിത്വ മിഷനിൽ ഓഫിസ്

കം ഫിനാൻസ് മാനേജർ തസ്തികയിലെ അന്യത്രസേവന കാലാവധി കേരള സർവ്വീസ് റൂൾസ് ഭാഗം -1 ചട്ടം 140 (സി) പ്രകാരമുള്ള വ്യവസ്ഥകൾക്കും പരാമർശം (1) സർക്കുലറിലെയും പരാമർശം (2) ഉത്തരവിലെയും മാനദണ്ഡങ്ങൾക്കും വിധേയമായി 01/05/2025 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
DR MANJU K
അണ്ടർ സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
ശ്രീ. ദിലൻ ജോസ് ബി, സെക്രട്ടറി, പെരുവള്ളൂർ ഗ്രാമപഞ്ചായത്ത് (പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന)
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ/ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വിവര - പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി (IA2/53/2025-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Vijitha M B
Date: 05-04-2025 09:47:10
സെക്ഷൻ ഓഫീസർ